LIBRARY ARCHIVES Kerala Legislative Assembly

ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ

253 (942) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ കോളനികളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന് മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതും ഭരണാനുമതി ലഭിച്ചതുമായ പൈപ്പ് ലൈൻ ഇടൽ നടപടി ഏതുഘട്ടം വരെയായിയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം കോളനികളിലാണ് ഈ ഫണ്ട് വിനിയോഗിച്ച് പൈപ്പ് ലൈനുകൾ ഇട്ടിട്ടുള്ളതെന്നു വിശദമാക്കുമോ ;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികൾ താമസിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; എത്ര നാളിനുള്ളിൽ ഈ ജോലി പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഡി.എസ്.ആർ.-2014 പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ തലത്തിൽ നടത്തിവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ ശേഷം മാത്രമെ പൈപ്പ് ലൈനിടൽ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. - 2014 പ്രകാരം പുതുക്കേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മൂന്ന് മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ വരവ് ചെലവുകൾ

254 (943) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നുവെന്നും ആയത് ഇപ്പോൾ എത്രയെന്നും വിശദമാക്കുമോ;

(ബി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ/പൊതുമേഖല /സ്വകാര്യമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കുമോ;